<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727**</u> <u>**11-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ പഠിപ്പിക്കുന്നതിനുള്ള നടപടി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ (അറബിക്/ഹിന്ദി/ഉറുദു) പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | അടുത്ത സിലബസ് റിവിഷനിൽ ഈ വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേനയും, പത്രപ്പരസ്യം വഴിയും താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കും.<br><br>സ്കൂൾ പി.ടി.എ.യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം ചട്ട പ്രകാരം ഇല്ല.<br><br>അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നെങ്കിൽ അക്കാദമിക് താത്പര്യം പരിഗണിച്ച് സ്ഥിര നിയമനം നടക്കുന്നതുവരെയോ, അദ്ധ്യയന വർഷം അവസാനിക്കുന്നത് വരേയോ (ഏതാണോ ആദ്യം അത്) താൽക്കാലിക ഗസ്റ്റ് നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ മാർഗനിർദേശങ്ങൾ പാലിച്ച് നടത്താവുന്നതുമാണ്. |
| (സി) | സ്കൂൾ പി.ടി.എ.യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം ഉണ്ടോ; വ്യക്തമാക്കാമോ; | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേനയും, പത്രപ്പരസ്യം വഴിയും താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കും.<br><br>സ്കൂൾ പി.ടി.എ.യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം ചട്ട പ്രകാരം ഇല്ല.<br><br>അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നെങ്കിൽ അക്കാദമിക് താത്പര്യം പരിഗണിച്ച് സ്ഥിര നിയമനം നടക്കുന്നതുവരെയോ, അദ്ധ്യയന വർഷം അവസാനിക്കുന്നത് വരേയോ (ഏതാണോ ആദ്യം അത്) താൽക്കാലിക ഗസ്റ്റ് |

| | | | |
|---|---|---|---|
| | | | നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ മാർഗനിർദേശങ്ങൾ പാലിച്ച് നടത്താവുന്നതുമാണ്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ? | (ഡി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേനയും, പത്രപ്പരസ്യം വഴിയും താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കും.<br><br>സ്കൂൾ പി.ടി.എ.യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം ചട്ട പ്രകാരം ഇല്ല.<br><br>അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നെങ്കിൽ അക്കാദമിക് താത്പര്യം പരിഗണിച്ച് സ്ഥിര നിയമനം നടക്കുന്നതുവരെയോ, അദ്ധ്യയന വർഷം അവസാനിക്കുന്നത് വരേയോ (ഏതാണോ ആദ്യം അത്) താൽക്കാലിക ഗസ്റ്റ് നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ മാർഗനിർദേശങ്ങൾ പാലിച്ച് നടത്താവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ